## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.348     27.02.2018-ൽ മറുപടിയ്ക്ക്

### നികുതി വരുമാനം

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ. എം. ഉമ്മർ :</th><th colspan="2">മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി പിരിവ് എത്രശതമാനമാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്ര ശതമാനം ലക്ഷ്യം നേടി എന്നറിയിക്കാമോ;</td><td>(എ)</td><td>
<table>
<tr><th>വർഷം</th><th>ലക്ഷ്യമിട്ടത് (ശതമാനത്തിൽ)</th><th>നേടിയത് (ശതമാനത്തിൽ)</th></tr>
<tr><td>2016-17</td><td>19</td><td>9</td></tr>
<tr><td>2017-18</td><td>25</td><td>10 (30.01.2018 വരെ)</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>മുൻ സർക്കാരിന്റെ കാലത്ത് നേടിയ 81.63% എന്ന ലക്ഷ്യത്തിനു മുകളിൽ എത്ര ശതമാനം ഉയർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്;</td><td>(ബി)</td><td>മുൻ സർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ടതും നേടിയതുമായ ശതമാനം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>ലക്ഷ്യമിട്ടത് (ശതമാനത്തിൽ)</th><th>നേടിയത് (ശതമാനത്തിൽ)</th></tr>
<tr><td>2011-12</td><td>20</td><td>20</td></tr>
<tr><td>2012-13</td><td>22</td><td>19</td></tr>
<tr><td>2013-14</td><td>24</td><td>11</td></tr>
<tr><td>2014-15</td><td>26</td><td>10</td></tr>
<tr><td>2015-16</td><td>25</td><td>12</td></tr>
</table>
</td></tr>
<tr><td>(സി)</td><td>നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയും അഴിമതിയുമാണ് നികുതി പിരിവിന്റെ ലക്ഷ്യത്തിൽ എത്തി</td><td>(സി)</td><td>ഇല്ല</td></tr>
</table>

| | | | |
|---|---|---|---|
| | ച്ചേരാൻ കഴിയാത്തതെന്ന് കരുതു ന്നുണ്ടോ; വിശദമാക്കാമോ; | | |
| (ഡി) | ഇല്ലെങ്കിൽ നികുതി പിരിവ് വർദ്ധി പ്പിക്കാൻ കഴിയാത്തതിന്റെ അടി സ്ഥാന കാരണങ്ങൾ വിശദമാ ക്കാമോ? | (ഡി) | 2016 നവംബർ മുതൽ നോട്ട് നിരോധനം വന്നതും 01.07.2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയതും സംസ്ഥാനത്തെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. 01.07.2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അത്തരത്തിലുള്ള വർദ്ധനവ് ഉണ്ടായില്ല. 01.07.2017 മുതൽ സംസ്ഥാനത്ത് ജി.എസി.ടി. നടപ്പിലാക്കിയെ ങ്കിലും, ജി.എസി.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതു പ്രകാരമുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസി.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം ആയി നിശ്ചയിച്ചു എങ്കിലും ഭൂരിഭാഗം ചരക്കുകൾക്കും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി |

| | | | |
|---|---|---|---|
| | | | വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ<br>അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന്<br>നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കു<br>ന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ<br>ആ ക്രഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത<br>മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേ<br>ണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.<br>ടി.എൻ. സോഫ്റ്റ് വെയർ പൂർണ്ണമായിട്ടില്ലാത്തതി<br>നാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല ഇതും പ്രധാനമായും<br>ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി<br>പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ